# പേയ്മെന്റ് അപേക്ഷാ ഫോം

(ദയവായി വലിയ അക്ഷരങ്ങളിൽ എഴുതുക അല്ലെങ്കിൽ ടൈപ്പ് ചെയ്യുക)

അപേക്ഷ (ബാധകമാകുന്നിടത്ത് ദയവായി ശരി ഇടുക) :
- ☐ ടെലിഗ്രാഫിക് ട്രാൻസ്ഫർ (ടി.ടി.)
- ☐ റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ് (ആർ.ടി.ജി.എസ്.)
- ☐ ഡിമാൻഡ് ഡ്രാഫ്റ്റ് (ഡി.ഡി.)
- ☐ ദേശീയ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (എൻ.ഇ.എഫ്.ടി.)

## അപേക്ഷകന്റെ വിവരങ്ങൾ

പേര് :

ബന്ധപ്പെടാനുള്ള നമ്പർ :

മേൽവിലാസം :

ഇമെയിൽ വിലാസം (എൻ.ഇ.എഫ്.ടി. പേയ്മെന്റുകൾക്ക് മാത്രം) : ______ മൊബൈൽ നമ്പർ: (എൻ.ഇ.എഫ്.ടി. പേയ്മെന്റുകൾക്ക് മാത്രം) ______

☐ എന്റെ DBS അക്കൗണ്ട് നമ്പർ ഡെബിറ്റ് ചെയ്യുക.

☐ DBS ചെക്ക് നമ്പർ നിക്ഷേപിക്കുക

ടി.ടി.യുടെ കറൻസി : ______

☐ തുക അക്ഷരങ്ങളിൽ ______

☐ തുക ടി.ടി. / ഡി.ഡി. / ആർ.ടി.ജി.എസ്. / എൻ.ഇ.എഫ്.ടി. കറൻസിയിൽ ______ (ചാർജുകൾ ഒഴിവാക്കി)

☐ തുക ടി.ടി. / ഡി.ഡി. / ആർ.ടി.ജി.എസ്. / എൻ.ഇ.എഫ്.ടി. കറൻസിയിൽ ______ (ചാർജുകൾ ഉൾപ്പെടെ)

☐ പണം നൽകേണ്ട നഗരവും രാജ്യവും ______ (ഡി.ഡി./ടി.ടി.ക്ക് മാത്രം)

വിദേശ ചാർജുകൾ: (ടി.ടി. / ഡി.ഡി.ക്ക് മാത്രം)

☐ ഗുണഭോക്താവിന്റെ അക്കൗണ്ടിനുള്ളതാണ് ______

☐ പണമടയ്ക്കുന്നയാളുടെ അക്കൗണ്ടിനുള്ളതാണ്, ദയവായി അക്കൗണ്ട് നം. ഡെബിറ്റ് ചെയ്യുക ______

## ഗുണഭോക്താവിന്റെ വിശദാംശങ്ങൾ

ഗുണഭോക്താവിന്റെ പേര് ______

ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ ______

ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ വീണ്ടും എന്റർ ചെയ്യുക ______

ഗുണഭോക്താവിന്റെ ബാങ്ക് ഐ.എഫ്.എസ്.സി. കോഡ് ______ (ആർ.ടി.ജി.എസ്.ന് / എൻ.ഇ.എഫ്.ടി.യ്ക്ക് മാത്രം)

ഗുണഭോക്താവിന്റെ ബാങ്കിന്റെ പേരും മേൽവിലാസവും ______ (ടി.ടി. / ഡി.ഡി.ക്ക് മാത്രം)

ബാധകമായത് പ്രകാരം ശരി ഇടുക (എൻ.ഇ.എഫ്.ടി. പേയ്മെന്റുകൾക്ക് മാത്രം)

☐ 50 DBS ബാങ്ക് ഇന്ത്യ ലിമിറ്റഡിൽ അക്കൗണ്ട് ഇല്ലാത്ത ഉപഭോക്താക്കൾക്ക് എൻ.ഇ.എഫ്.ടി.

☐ 51 ഇന്തോ-നേപ്പാൾ റെമിറ്റൻസ്

☐ 52 കാർഡ് പേയ്മെന്റുകൾ

ബാങ്ക് ക്ലിയറിംഗ് കോഡ് (സ്വിഫ്റ്റ് വിലാസം മുതലായവ) ______ (ടി.ടി.ക്ക് മാത്രം. ഈ വിവരം ലഭ്യമെങ്കിൽ ദയവായി നൽകുക)

പേയ്മെന്റ് വിശദാംശങ്ങൾ (ഏതെങ്കിലും ഉണ്ടെങ്കിൽ - ടി.ടി. / എൻ.ഇ.എഫ്.ടി / ആർ.ടി.ജി.എസ്.-ന്) ______

എന്റെ/ഞങ്ങളുടെ അക്കൗണ്ടിനും നഷ്ടസാദ്ധ്യതയിലും, നിങ്ങൾക്ക് യാതൊരു ഉത്തരവാദിത്തമോ ബാധ്യതയോ കൂടാതെയും, മറുപുറത്ത് നല്കിയിരിക്കുന്നതും ഞാൻ/ഞങ്ങൾ വായിച്ച് മനസ്സിലാക്കിയതുമായ വ്യവസ്ഥകൾക്ക് വിധേയമായും. ഈ ഇടപാട് മുകളിൽ വിവരിച്ചതുപോലെ നടപ്പിലാക്കുക.

അംഗീകൃത ഒപ്പ്(കൾ) കമ്പനി മുദ്രയോടു കൂടി (ബാധകമെങ്കിൽ) തീയതി ദി ദി മാ മാ വ വ വ വ

## കളക്ഷൻ രീതി (ഡി.ഡി.ക്ക്)

______

അംഗീകൃത ഒപ്പ്(കൾ) കമ്പനി മുദ്രയോടു കൂടി (ബാധകമെങ്കിൽ) തീയതി ദി ദി മാ മാ വ വ വ വ

## ഡി.ഡി. കൈപ്പറ്റിയതിന്റെ അക്നോളജ്മെന്റ്

☐ ഡി ഡി. കൈപ്പറ്റിയത് ഞാൻ അംഗീകരിക്കുന്നു

അംഗീകൃത ഒപ്പ്(കൾ) കമ്പനി മുദ്രയോടു കൂടി (ബാധകമെങ്കിൽ) തീയതി ദി ദി മാ മാ വ വ വ വ

## ബാങ്ക് ഉപയോഗത്തിന്

| അറ്റൻഡ് ചെയ്തത് | ഒപ്പ് പരിശോധിച്ചുറപ്പാക്കിയത് | അംഗീകരിച്ചത് | പ്രോസസ്സ് ചെയ്തത് | പരിശോധിച്ചത് | അധികാരപ്പെടുത്തിയത് |
|---|---|---|---|---|---|
| | | | | | |

**പ്രധാനപ്പെട്ട കുറിപ്പ്:** ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇലക്ട്രോണിക് പേയ്മെന്റുകൾ പ്രോസസ്സ് ചെയ്യപ്പെടുന്നത്, അതിനാൽ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ നൽകുമ്പോൾ ഉപഭോക്താവ് മതിയായ ജാഗ്രത പാലിക്കേണ്ടതാണ്. ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ ശരിയല്ലെങ്കിൽ, ശരിയായ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടാത്തതിന്/കാലതാമസം നേരിട്ടതിന് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

# നിബന്ധനകളും വ്യവസ്ഥകളും

1. പേയ്മെന്റ് പ്രോസസ്സിംഗിനായി ബാങ്ക് അതിന്റെ പതിവ് നടപടികൾ സ്വീകരിച്ചേക്കാം. അങ്ങനെ ചെയ്യുമ്പോൾ, അപേക്ഷകന്റെ പേരിൽ തപാൽ, ടെലക്സ്, കേബിൾ, സ്വിഫ്റ്റ് അല്ലെങ്കിൽ ബാങ്കിന് ഉചിതമെന്ന് തോന്നുന്ന മറ്റേതെങ്കിലും മാർഗങ്ങളിലൂടെ റെമിറ്റൻസ് അയയ്ക്കുന്നതിന് അല്ലെങ്കിൽ കൈപ്പറ്റുന്നതിനും, ഏത് കറസ്പോണ്ടന്റിനെയും സബ്-ഏജന്റിനെയും അല്ലെങ്കിൽ മറ്റ് ഏജൻസിയെയും ഉപയോഗപ്പെടുത്തുന്നതിനും ബാങ്കിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്, എന്നാൽ ഇലക്ട്രോണിക് ട്രാൻസ്മിഷൻ, വയർ കേബിൾ, മെയിലുകൾ എന്നിവയിലോ ഏതെങ്കിലും തപാൽ അധികൃതർ, ടെലിഗ്രാഫ്, കേബിൾ അല്ലെങ്കിൽ വയർലെസ് കമ്പനിയുടെയോ അല്ലെങ്കിൽ അത്തരം അധികൃതരുടെ ഏതെങ്കിലും ജീവനക്കാരന്റെയോ ഭാഗത്തു നിന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോ സംഭവിക്കുന്ന വികലമാക്കൽ, തടസ്സങ്ങൾ, ഒഴിവാക്കലുകൾ, പിശകുകൾ അല്ലെങ്കിൽ കാലതാമസം എന്നിവയ്ക്ക് ഒരു കാരണവശാലും ബാങ്കോ അതിന്റെ കറസ്പോണ്ടന്റോ ഏജന്റുമാരോ ബാധ്യസ്ഥരായിരിക്കുന്നതല്ല. ബാങ്ക്, അതിന്റെ കറസ്പോണ്ടന്റുമാർ വഴിയോ ഏജന്റുമാർ മുഖേനയോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ ഈ കൈമാറ്റവുമായി ബന്ധപ്പെട്ട് വ്യക്തമായ ഭാഷയിലോ കോഡിലോ സൈഫറിലോ എത് സന്ദേശവും അയച്ചേക്കാം.
2. ബാധകമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഏത് അപേക്ഷയും കാരണം സഹിതം അല്ലെങ്കിൽ ഒരു കാരണവും നൽകാതെ സ്വീകരിക്കാൻ വിസമ്മതിക്കുന്നതിനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.
3. ബാങ്കിന്റെയോ ജീവനക്കാരുടെയോ ഏതെങ്കിലും കറസ്പോണ്ടന്റിന്റെയോ സബ് ഏജന്റിന്റെയോ മറ്റ് ഏജന്റിന്റെയോ അവരുടെ ജീവനക്കാരുടെയോ ഏതെങ്കിലും പിശകുകൾ, അശ്രദ്ധ, വീഴ്ചകൾ, പ്രവർത്തനങ്ങൾ അല്ലെങ്കിൽ ഒഴിവാക്കലുകൾ എന്നിവയ്ക്ക് ബാങ്ക് ബാധ്യസ്ഥമായിരിക്കില്ല.
4. പണമടയ്ക്കപ്പെടുന്ന രാജ്യത്തിന്റേതല്ലാത്ത കറൻസി, പണം സ്വീകരിക്കുന്നയാൾ കറസ്പോണ്ടന്റുമായോ ഏജന്റുമായോ ഏർപ്പാട് ചെയ്ത്, അതുമായി ബന്ധപ്പെട്ട ബാങ്കിന്റെ കറസ്പോണ്ടന്റിന്റെയോ ഏജന്റിന്റെയോ എല്ലാ ചാർജുകളും അടച്ച് മറ്റേതെങ്കിലും കറൻസിയിൽ പേയ്മെന്റ് നേടിയില്ലെങ്കിൽ, പണം സ്വീകരിക്കുന്ന ആൾക്ക് പ്രസ്തുത രാജ്യത്തിന്റെ കറൻസിയിൽ ബാങ്കിന്റെ കറസ്പോണ്ടന്റുമാരുടെ അല്ലെങ്കിൽ ഏജന്റുമാരുടെ വാങ്ങൽ നിരക്കിൽ നല്കുന്നതാണ്.
5. രേഖാമൂലം വ്യക്തമായും പ്രത്യേകമായും സമ്മതിച്ചിട്ടില്ലെങ്കിൽ,ബാങ്ക് അതിന്റെ പൂർണ്ണ വിവേചനത്തിൽ അത്തരം ഫണ്ടുകൾ സ്വീകരിക്കുന്ന ദിവസം ബാങ്കിന്റെ വിൽപ്പന നിരക്കിൽ അപേക്ഷകനിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ വിദേശ മൂല്യങ്ങളാക്കി മാറ്റിയേക്കാം. ഇത്തരത്തിൽ പരിവർത്തനം നടത്തിയതായുള്ള ബാങ്കിന്റെ രേഖാമൂലമുള്ള പ്രസ്താവന അന്തിമമായിരിക്കും.
6. നികുതികൾ മൂലമോ മൂല്യശോഷണം മൂലമോ അല്ലെങ്കിൽ കൺവേർട്ടിബിലിറ്റിയുടെ മേലുള്ള നിയന്ത്രണങ്ങൾ, അഭ്യർത്ഥനകൾ, സ്വമേധയാലല്ലാത്ത കൈമാറ്റം ചെയ്യലുകൾ, ഏത് സ്വഭാവത്തിലുമുള്ള കണ്ടുകെട്ടലുകൾ, സർക്കാർ അല്ലെങ്കിൽ സൈനിക അധികാരങ്ങളുടെ പ്രയോഗം, യുദ്ധങ്ങൾ, പണിമുടക്കുകൾ അല്ലെങ്കിൽ ബാങ്കുകളുടെ നിയന്ത്രണത്തിനപ്പുറമുള്ള മറ്റ് കാരണങ്ങൾ എന്നിവ കാരണമുള്ള ഫണ്ടുകളുടെ ലഭ്യതയില്ലായ്മ മൂലമോ ഫണ്ടുകളുടെ മൂല്യത്തിലുണ്ടാകുന്ന ഒരു മൂല്യശോഷണത്തിനും ബാങ്കിന് ഉത്തരവാദിത്തമോ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല. ഇതിനു പുറമേ (i) കറൻസിയുടെ ഉത്ഭവ രാജ്യം അത്തരം ഫണ്ടുകളുടെ ലഭ്യത, ക്രെഡിറ്റ് അല്ലെങ്കിൽ കൈമാറ്റം എന്നിവ നിയന്ത്രിക്കുകയാണെങ്കിൽ, ഡ്രാഫ്റ്റായോ അല്ലെങ്കിൽ പണമായോ മറ്റേതെങ്കിലും മാർഗമായോ ബന്ധപ്പെട്ട കറൻസിയിലോ മറ്റേതെങ്കിലും കറൻസിയിലോ ഫണ്ട് അടയ്ക്കാൻ ബാങ്കിന് യാതൊരു ബാധ്യതയുമില്ല, കൂടാതെ (ii) യൂറോയുടെ ലഭ്യത, ക്രെഡിറ്റ് അല്ലെങ്കിൽ കൈമാറ്റം എന്നിവ നിയന്ത്രിക്കുന്നതോ ആയ ഇ.എം.യു. (ഇക്കണോമിക് ആൻഡ് മോണിറ്ററി യൂണിയൻ)ഉമായി ബന്ധപ്പെട്ട ഏതെങ്കിലും സംഗതി (ഇ.എം.യു. പിരിച്ചുവിടൽ, ഒന്നോ അതിലധികമോ പങ്കാളി രാഷ്ടങ്ങളെ ഇ.എം.യു.വിൽ നിന്ന് പിൻവലിക്കൽ അല്ലെങ്കിൽ പങ്കെടുക്കുന്ന രാഷ്ട്രങ്ങളുടെ ഘടനയിൽ എന്തെങ്കിലും മാറ്റം എന്നിവ ഉൾപ്പെടെയുള്ളതും എന്നാൽ അവയിൽ മാത്രം പരിമിതപ്പെടാത്തതും) കാരണമായോ അല്ലെങ്കിൽ മറ്റുവിധത്തിലോ യൂറോ ഫണ്ടുകളുടെ കാര്യത്തിൽ ബാങ്കിന് അതിന്റെ ബാധ്യതകൾ നിർവഹിക്കുന്നത് അസാധ്യമോ അപ്രായോഗികമോ ആകുകയാണെങ്കിൽ, ഡ്രാഫ്റ്റായോ അല്ലെങ്കിൽ പണമായോ മറ്റേതെങ്കിലും മാർഗമായോ ബന്ധപ്പെട്ട കറൻസിയിലോ മറ്റേതെങ്കിലും കറൻസിയിലോ ഫണ്ട് അടയ്ക്കാൻ ബാങ്കിന് യാതൊരു ബാധ്യതയുമില്ല.
7. ഇവിടെ അപേക്ഷിച്ച ഡ്രാഫ്റ്റുമായും അതുമായി ബന്ധപ്പെട്ട ഏത് ഇടപാടുകളുമായും ബന്ധപ്പെട്ട ഏത് അന്വേഷണങ്ങൾക്കും ഉചിതമെന്ന് ബാങ്ക് കരുതുന്ന പ്രകാരം അപേക്ഷകന്റെ വിശദാംശങ്ങൾ, ഈ അപേക്ഷ, അതിന്റെ വിഷയം, അപേക്ഷകന്റെ അക്കൗണ്ടുകൾ, കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഏത് വിവരവും, ബാങ്ക്, അതിന്റെ ഉദ്യോഗസ്ഥർ, ജീവനക്കാർ, കറസ്പോണ്ടന്റുകൾ, ഏജന്റുമാർ എന്നിവർ വെളിപ്പെടുത്തുന്നതിന് അപേക്ഷൻ സമ്മതം നല്കുന്നു.
8. മേൽപ്പറഞ്ഞ നിബന്ധനകളും വ്യവസ്ഥകളും ഏതെങ്കിലും അല്ലെങ്കിൽ എല്ലാ സമയത്തും, കാലാകാലങ്ങളിൽ ബാധകമായ ചട്ടങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആവശ്യമെങ്കിൽ 30 ദിവസത്തെ മുൻകൂർ അറിയിപ്പോടെ അതിന്റെ വിവേചനമനുസരിച്ച് ചേർക്കാനും മാറ്റാനും വ്യതിയാനം വരുത്താനും പരിഷ്ക്കരിക്കാനുമുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.
9. വിദേശ കറൻസി ഡ്രാഫ്റ്റിന്റെ എൻക്യാഷ്മെന്റ് ഡ്രോയി ബാങ്കിന്റെ എൻകാഷ്മെന്റ് സമ്പ്രദായത്തിന്റെ ആവശ്യകതകൾക്ക് വിധേയമായിരിക്കും.
10. വിദേശ കറൻസി ഡ്രാഫ്റ്റിന്റെ എൻക്യാഷ്മെന്റ്, ഡ്രാഫ്റ്റ് എൻക്യാഷ് ചെയ്യേണ്ട രാജ്യത്തിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും. ചില രാജ്യങ്ങളിൽ വിനിമയ നിയന്ത്രണങ്ങൾ പ്രാബല്യത്തിലിരിക്കുന്നത് കണക്കിലെടുത്ത്, ഡ്രാഫ്റ്റിന്റെ എൻക്യാഷ്മെന്റുമായി ബന്ധപ്പെട്ട ബാങ്കിന്റെ ബാധ്യത ഒരു കാരണവശാലും, പേയ്മെന്റ് ർദ്ദേശങ്ങൾ സ്വീകരിക്കുന്ന സമയത്തോ നടപ്പിലാക്കേണ്ട സമയത്തോ ഏതെങ്കിലും ഗവൺമെന്റിന്റെ കീഴിൽ ഡ്രാഫ്റ്റ് ഡ്രോ ചെയ്ത കറൻസിയിൽ പേയ്മെന്റ് അനുവദിച്ചിരിക്കുന്ന പരിധിയെയോ അല്ലെങ്കിൽ പേയ്മെന്റിന്റെ സ്ഥലത്തോ ബന്ധപ്പെട്ട കറൻസിയുടെ മുഖ്യ ധനകാര്യ കേന്ദ്രത്തിലോ അല്ലെങ്കിൽ യൂറോയുടെ കാര്യത്തിൽ യൂറോപ്യൻ യൂണിയനിലോ അതിലെ ഏതെങ്കിലും അംഗ രാഷ്ട്രങ്ങളിലോ നിലനില്ക്കുന്ന മറ്റ് നിയന്ത്രണങ്ങളെയോ കവിയാൻ പാടില്ല. ഏതെങ്കിലും നിയമത്തിന്റെയോ ഉത്തരവിന്റെയോ ഏതെങ്കിലും ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റ് ഏജൻസിയുടെയോ ഏതെങ്കിലും ക്ലിയറിംഗ്, സെറ്റിൽമെന്റ് അല്ലെങ്കിൽ പേയ്മെന്റ് സിസ്റ്റത്തിന്റെ പരാജയം അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളാൽ ഉണ്ടാകുന്ന കാലതാമസത്തിനോ നഷ്ടത്തിനോ ബാങ്കോ അതിന്റെ കറസ്പോണ്ടന്റുകളോ ഏജന്റുമാരോ ബാധ്യസ്ഥരല്ല.
11. ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള കട്ട് ഓഫ് സമയത്തിന് മുമ്പ് അപേക്ഷ സമർപ്പിച്ചാൽ അതേ ദിവസം തന്നെ ആർ.ടി.ജി.എസ്./എൻ.ഇ.എഫ്.ടി. കൈമാറ്റം നടക്കുമെന്നും പേയ്മെന്റിന്റെ സമയം/ഷെഡ്യൂളിംഗ് തീരുമാനിക്കാൻ ബാങ്കിന് സ്വാതന്ത്ര്യമുണ്ടെന്നും, അല്ലാത്തപക്ഷം അടുത്ത പ്രവൃത്തി ദിവസം കൈമാറ്റം പ്രാബല്യത്തിൽ വരുന്നതാണെന്നും അപേക്ഷകൻ സമ്മതിക്കുന്നു.
12. ആർ.ടി.ജി.എസ്./എൻ.ഇ.എഫ്.ടി. പേയ്മെന്റ് ഓർഡർ ബാങ്ക് നടപ്പിലാക്കുമ്പോൾ അത് തിരിച്ചെടുക്കാനാവാത്തതാകുമെന്ന് അപേക്ഷകൻ സമ്മതിക്കുന്നു. അപേക്ഷകൻ ഇഷ്യൂ ചെയ്ത ഏതെങ്കിലും പേയ്മെന്റ് ഓർഡറിന്റെ എക്സിക്യൂഷനുമായി ബന്ധപ്പെട്ട് ബാങ്കിന് അപേക്ഷകൻ ഉണ്ടാക്കുന്ന ഏത് ബാദ്ധ്യതയും തന്റെ അക്കൗണ്ടിലേക്ക് ഡെബിറ്റ് ചെയ്യാൻ ബാങ്കിനെ അപേക്ഷകൻ ഇതിനാൽ അധികാരപ്പെടുത്തുന്നു.
13. ഏതെങ്കിലും ആക്ടോ ഉത്തരവോ മൂലമോ അവയുടെ കാരണത്താലോ അല്ലെങ്കിൽ ഏതെങ്കിലും ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റ് ഏജൻസിയുടെയോ ആർ.ടി.ജി.എസ്./എൻ.ഇ.എഫ്.ടി. സിസ്റ്റത്തിന്റെയോ പരാജയം മൂലമോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളാലോ ഉണ്ടാകുന്ന കാലതാമസത്തിനോ നഷ്ടത്തിനോ ബാങ്ക് ബാധ്യസ്ഥമായിരിക്കില്ല, ബാങ്ക് അതിന്റെ പതിവ് നടപടികൾ സ്വീകരിച്ചേക്കാം. ഈ കരാർ പ്രകാരമുള്ള റെമിറ്റൻസിനും ഏത് കറസ്പോണ്ടന്റിനെയും സബ്-ഏജൻറിനെയും മറ്റേതെങ്കിലും ഏജൻസിയെയും ഉപയോഗപ്പെടുത്തുന്നതിനും ബാങ്ക് അതിന്റെ പതിവ് നടപടികൾ കൈക്കൊണ്ടേക്കാം, എന്നാൽ ഒരു സാഹചര്യത്തിലും ബാങ്കോ അതിന്റെ ഏതെങ്കിലും കറസ്പോണ്ടന്റുകളോ ഏജന്റുമാരോ ആർ.ടി.ജി.എസ്./എൻ.ഇ.എഫ്.ടി. സിസ്റ്റത്തിലോ മറ്റേതെങ്കിലും കാരണത്താലോ സംഭവിക്കുന്ന തടസ്സങ്ങൾ, ഒഴിവാക്കലുകൾ, പിശകുകൾ അല്ലെങ്കിൽ കാലതാമസം എന്നിവയ്ക്ക് ബാധ്യസ്ഥരായിരിക്കില്ല.
14. ഓപ്പറേഷണൽ സാഹചര്യങ്ങൾ അത്തരത്തിൽ ആവശ്യപ്പെടുന്ന പക്ഷം പണമടയ്ക്കുന്നയാൾ വ്യക്തമാക്കിയതിൽ നിന്ന് വ്യത്യസ്തമായ സ്ഥലത്ത് ഈ ടെലിഗ്രാഫിക് ട്രാൻസ്ഫർ/ ഡിമാൻഡ് ഡ്രാഫ്റ്റ് ഡ്രോ ചെയ്യാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.
15. നിർദ്ദിഷ്ട നിർദ്ദേശങ്ങളൊന്നും ഇല്ലെങ്കിൽ, ടെലിഗ്രാഫിക് ട്രാൻസ്ഫർ ! ഡിമാൻഡ് ഡ്രാഫ്റ്റ് പ്രാബല്യത്തിലാക്കുന്നത് പേയ്മെന്റ് നടത്തേണ്ട രാജ്യത്തിന്റെ കറൻസിയിലായിരിക്കും.
16. ഇന്ത്യക്ക് പുറത്ത് ഈടാക്കുന്ന എല്ലാ ചാർജുകളും ഗുണഭോക്താവിന്റെ അക്കൗണ്ടിനുള്ളതാണ്.

DBS Live more, Bank less

കൂടുതൽ വിവരങ്ങൾക്ക്, ദയവായി ബന്ധപ്പെടുക:

| | | |
|---|---|---|
| മുംബൈ | : ടെലി: | +91 22 6638 8888 |
| ബംഗളൂരു | : ടെലി: | +91 80 6632 8888 |
| ചെന്നൈ | : ടെലി: | +91 44 6656 8888 |
| കടലൂർ | : ടെലി: | +91 413 3208 195 |
| കോലാപൂർ | : ടെലി: | +91 231 3050 100 |
| കൊൽക്കത്ത | : ടെലി: | +91 33 6621 8888 |
| മൊറാദാബാദ് | : ടെലി: | +91 591 6601 300 |
| നാസിക് | : ടെലി: | +91 253 6632 100 |
| ന്യൂഡെൽഹി | : ടെലി: | +91 11 3041 8888 |
| പൂനെ | : ടെലി: | +91 20 6621 8888 |
| സേലം | : ടെലി: | +91 427 6641 300 |
| സൂററ്റ് | : ടെലി: | +91 261 6675 400 |